UNMEELANAM

AMRITA VISHWA VIDYAPEETHAM
UNIVERSITY
श्रद्धावान् लभते ज्ञानम्
Established u/s 3 of UGC Act 1956
AMRITA SCHOOL OF ARTS AND SCIENCES, KOCHI

NEWS LETTER

# ചുമർചിത്രങ്ങളുടെ മായികലോകം



Swami Poornamritananda Puri officially inaugurating the programme.



അമൃത പി പി

'നിശബ്ദമായി കഥ പറയുന്ന പുസ്തകങ്ങളാണ് ചിത്രങ്ങൾ. ചിത്രകാരനോടൊപ്പം ദൈവത്തിന്റെ കരസ്പർശം കൂടി ചേരുമ്പോൾ അവ ദൈവികമാകുന്നു, ചുമർ ചിത്രകലയാകുന്നു, ക്ഷേത്ര കലയാകുന്നു.' ഗുരുവായൂർ ദേവസ്വം ചുമർ ചിത്ര പഠന കേന്ദ്രം പ്രിൻസിപ്പൽ ശ്രീ കെ. യു . കൃഷ്ണകുമാറിന്റെ വാക്കുകളാണിത് . ചുമർ ചിത്രകലയിൽ തന്റേതായ സാന്നിധ്യം അറിയിച്ച കൃഷ്ണകുമാറിന് കലാവഴികളെക്കുറിച്ച് പറയുമ്പോൾ നൂറു നാവ് .

## കെ യു കൃഷ്ണകുമാർ

ഗുരുവായൂർ ദേവസ്വം ചുമർചിത്രപഠന കേന്ദ്രത്തിന്റെ പ്രിൻസിപ്പൽ ആയ ശ്രീ കെ യു കൃഷ്ണകുമാർ , മദ്രാസ് സർവ്വകലാശാലയിൽ നിന്നും ചിത്രകലയിൽ ഉപരിപഠനം പൂർത്തിയാക്കി. കേരള ലളിതകല അക്കാദമി അംഗം ആണ്. ശ്രീ പദ്മനാഭ ക്ഷേത്രത്തിലെയും തഞ്ചാവൂർ ക്ഷേത്രത്തിലെയും മധുര മീനാക്ഷി ക്ഷേത്രത്തിലെയും ചുമരുകളിൽ ഇദ്ദേഹത്തിന്റെയും കരസ്പർശം പതിഞ്ഞിട്ടുണ്ട്.

## ചിത്രകലയിൽ മുഴുകി വിദ്യാർഥികൾ

അമൃത സ്കൂൾ ഓഫ് ആർട്ട്സ് ആൻഡ് സയൻസസിൽ ഒരു പഠന വിഷയമാണ് മ്യൂറൽ പെയിന്റിംഗ്. ആഴ്ചയിൽ രണ്ടു മണിക്കൂറാണ് ചുമർ ചിത്രകലയിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്കായി ക്ലാസുകൾ ഒരുക്കിയിരിക്കുന്നത്. കോളേജിന്റെ ആഭിമുഖ്യത്തിൽ ഇവർക്കായി ഒരു ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദ പുരി, കോളേജ് ഡയറക്ടർ ഡോ. യു കൃഷ്ണകുമാർ, പ്രൊഫ. സി എസ് ജയരാമൻ, വിഷ്വൽ മീഡിയ ഡിപ്പാർട്ട്മെന്റ് എച്ച് ഓ ഡി ഡി ഹരികൃഷ്ണൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. വിഷ്വൽ മീഡിയ വിഭാഗം അധ്യാപകരായ വിനോദ് ലക്ഷ്മണും വിനോദ് എൻ കെയും ചേർന്നാണ് ശില്പശാല സംഘടിപ്പിച്ചത്.

## കേരളം സ്വന്തമാക്കിയ സ്വത്ത്

'ചുമർ' എന്നർത്ഥം വരുന്ന മ്യൂറസ് എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് മ്യൂറൽ പെയിന്റിംഗ് എന്ന വാക്ക് ഉരുത്തിരിയുന്നത്. പാശ്ചാത്യ രാജ്യങ്ങളിൽ നിന്നാണ് ചുമർ ചിത്രകല ഭാരതത്തിലേക്കെത്തുന്നത്. ബീഹാർ, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ സാന്നിധ്യം അറിയിച്ചതിനു ശേഷം കേരളത്തിലെ ചിത്രകലാപാരമ്പര്യം കടമെടുത്തു. അതിഥിയായി എത്തുന്ന ആരെയും, ഒന്നിനെയും നിരാശപ്പെടുത്താത്ത മലയാളികൾ ചുമർ ചിത്രകലാ സമ്പ്രദായത്തെയും നെഞ്ചോടു ചേർത്തു. എട്ടാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ മ്യൂറൽ പെയിന്റിംഗ്, ആദ്യകാല ഭാരതീയ ചിത്രകലയുടെ അവശേഷിപ്പുകളിലൊന്നാണ് . വരക്കാൻ തുണികളോ ക്യാൻവാസുകളോ ഇല്ലാതിരുന്ന കാലത്തു തങ്ങളുടെ കലാവൈഭവം ആദിമമനുഷ്യൻ അടയാളിപ്പെടുത്തിയത് ഗുഹകളിലെയും മറ്റും ചുമരുകളിലായിരുന്നു. പൂർണത കൈവരിക്കുന്നു.

ഇത് പിന്നീട് ചുമർചിത്രകലയായി പരിണമിച്ചുവെന്നാണ് പറയപ്പെടുന്നത്. സംഘ കാലഘട്ടത്തിൽ ഗുരുവര്യന്മാർ തുടക്കം കുറിച്ച ചുമർചിത്രകല പിന്നീട് ക്ഷേത്ര ചുമരുകളിൽ സ്ഥാനം ഉറപ്പിച്ചു. ഭാവങ്ങൾ ചുമരിലേക്ക് ആവാഹിക്കുന്നു എന്നതാണ് ചുമർചിത്രകലാ സങ്കല്പം. ഈ സങ്കല്പമാണ് ക്ഷേത്ര ചിത്രകലകൾക്ക് അടിസ്ഥാനം. ആദ്യ കാലങ്ങളിൽ ദേവതാ ദേവന്മാരുടെ ചിത്രങ്ങളും അവതാരോദ്ദേശങ്ങളും ആയിരുന്നു ചിത്രകലകൾക്ക് അടിസ്ഥാനം എങ്കിൽ ഇന്ന് ഇവ കൂടാതെ പുരാണങ്ങളും ചരിത്ര സംഭവങ്ങളും വരെ ഇതിവൃത്തമാകുന്നു.

## പഞ്ചവർണങ്ങളുടെ അത്ഭുതലോകം

മഞ്ഞ, ചുമപ്പ്, പച്ച, വെള്ള, കറുപ്പ് എന്നി അഞ്ചു നിറങ്ങൾ മാത്രമാണ് ചുമർ ചിത്രകലക്കായി ഉപയോഗിക്കുന്നത്. ഇതിൽ വെള്ള ചിത്രം വരക്കുന്ന പ്രതലത്തിന്റെ നിറമാണ് . മറ്റു നിറങ്ങൾ പ്രകൃതിദത്തമായി ചുണ്ണാമ്പിൽ നിന്നും പച്ചിലകളിൽ നിന്നും കല്ലുകളിൽ നിന്നും വേർതിരിച്ചെടുക്കുന്നു . കാലപ്പഴക്കത്തിൽ പച്ച നിറം മങ്ങാതിരിക്കാൻ തുരിശാണ് കലാകാരന്മാർ ഉപയോഗിക്കുന്നത്. ദേവന്റെയോ ദേവതയുടെയോ കൃഷ്ണമണി കറുപ്പുനിറത്തിൽ വരക്കുന്നതോടെ ചിത്രത്തിന് പൂർണത കൈവരിക്കുന്നു.

# "UNMEELANAM" Opening to The World of Murals

Priyanka V

Inspiration often strikes in the most bizarre of ways. "UNMEELANAM", The Opening, opens up a new vista of traditional mural arts to students. The one-day long workshop lead by Sri. K U Krishnakumar, principal of Guruvayur Dewasom Institute of Mural Painting, gave little art lovers a novel vision on Mural Paintings.

Beginning his session with the history of Mural Arts in India, Sri. KrishnaKumar pointed out the hard work and dedication needed for the practice of the art form. "Mural paintings are not bloomed over a night. It is an outcome of contemplation of several years. A dedicated artist can only bring out a moving mural painting", said Krishnakumar.

Krishnakumar also pointed out the steps needed for the preservation of traditional mural paintings in temple walls




Kerala. It can be conserved only through long exposure to nature.

The highlight of the workshop was the Hands on Training given to the students. Participants were grouped and each group was assigned to draw a basic outline of simple art work. The active participation of the students made the workshop a success.

Swami Poornamritananda Puri, General Secretary, Matha Amritanandamayi Madam, blessed the ceremony. "Painting is a form of meditation. Hence, artists can perceive an object with a different vision", says Swamiji.




of More than hundred students interested in Mural Painting attended the session. The workshop comprised sessions on "Basic Concepts of Mural Painting" and "Traditional Mural Painting in Temple art.



Dr. U KrishnaKumar, Director, Amrita school of Arts and sciences, Professor. C.S. Jayaraman, and Harikrishnan D, HOD, Department of Visual Media were present on the dais.





***Published by :*** *Department of Visual Media and Communication*

*Editorial team: Karthika C, Vinod NK*

***At the Field and Desk :*** *Dr. U.Krishnakumar, D Harikrishnan,Vinod L, Rekha KP , Aravind PR*